Draft #6 of File 40993/AC A3-1/2024/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 31-Jan-2025 02:20 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്ക്രൈബ് അലവൻസ് കാലോചിതമായി പരിഷ്കരിക്കുന്നതും, ആയത് പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 1128/AC A 3/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.02.2025

---

*പരാമർശം:*-1. 12.11.2001 തീയതിയിലെ സ.ഉ.നമ്പർ. ACA1/3/2211/2001.

2. 31.12.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ.24/24.08/40993/AC A3-1/2024 .

**ഉത്തരവ്**

കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക് അനുവദിക്കപ്പെടുന്ന പരീക്ഷാ സഹായിക്ക് അലവൻസായി സർവകലാശാല നൽകുന്ന തുകയുടെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് സർവകലാശാലാ പരീക്ഷകളിൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള സൂചന (1) ലെ സർവകലാശാലാ ഉത്തരവിൽ പേപ്പർ ഒന്നിന് 25/- രൂപ ക്രമത്തിൽ സ്ക്രൈബ് അലവൻസ് അനുവദിക്കാവുന്നതാണെന്നും, ടി തുക പരീക്ഷ നടത്തിപ്പിനായി നൽകുന്ന ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണെന്നും പരാമർശിച്ചിരിക്കുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ 2012 മുതലുള്ള പരീക്ഷാ കലണ്ടറിൽ സ്ക്രൈബ് അലവൻസ് ഒഴിവാക്കപ്പെട്ടിരുന്നു.

കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്ക്രൈബ് അലവൻസ് കാലോചിതമായി പരിഷ്കരിക്കുന്നതും, ആയത് പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ, വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ 08.10.2024 തീയതിയിൽ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിച്ചു. കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്ക്രൈബ് അലവൻസ് പരീക്ഷ ഒന്നിന് 250/- (ഇരുന്നൂറ്റി അൻപത്) രൂപയായി നിശ്ചയിക്കുന്നതിനും ആയത് പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുന്നതിനും 31.12.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം സൂചന (2)

പ്രകാരം തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷാജി കെ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 3
(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ പി എ മാർ
3. എ ആർ III/ഡി ആർ II(അക്കാദമിക്)/ജെ ആർ II(ഭരണവിഭാഗം/പരീക്ഷ)
4. ACC 1, ATR
5. എക്സാം ഓഡിറ്റ് സെക്ഷൻ, ഫിനാൻസ് സെക്ഷൻ
6. EA സെക്ഷൻ ,
7. PRO/IQAC സെക്ഷനുകൾ
8. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #6 of File 40993/AC A3-1/2024/AC A 3 Approved by ASSISTANT REGISTRAR III (ACADEMIC) on 31-Jan-2025 02:20 PM - Page 2